**സബ്മിഷൻ**

**ഡിസാസ്റ്റർ മാനേജുമെന്റ് സെൽ**

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, മുല്ലപ്പെരിയാർ ഡാമിന്റെ ദുരന്തഭീഷണി നിലനിൽക്കുകയാണ്. ഈ ഡാമിന്റെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ദുരന്തനിവാരണ നടപടികൾ ഗവൺമെന്റ് മുൻകാലങ്ങളിൽ ഏകീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരു ദുരന്ത നിവാരണസേനയുടെ പ്രവർത്തനം ആരംഭിക്കുമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പ്രഖ്യാപനമുണ്ടായിരുന്നു. ഈ സേനയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും ഇതുവരെ ആരംഭിച്ചിട്ടില്ല. ഏതാണ്ട് മഴ ശക്തമാകുകയും ജലനിരപ്പ് ഉയരുകയും ചെയ്തിരിക്കുന്ന ഒരു സാഹചര്യമാണ് മുല്ലപ്പെരിയാറിന്റെ പരിസരപ്രദേശങ്ങളിലുള്ളത്. ആളുകൾ ഭീതിയിലേയ്ക്ക് കടക്കുന്ന ഒരു സാഹചര്യം മുല്ലപ്പെരിയാറിന്റെ പരിസരപ്രദേശങ്ങളിൽ നിലനിൽക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരു ദുരന്ത നിവാരണ സെല്ലിന്റെ പ്രവർത്തനം പീരുമേട് താലൂക്കാഫീസിൽ ആരംഭിച്ചുവെങ്കിലും അതിന്റെ പ്രവർത്തനം ഏതാണ്ട് നിർജ്ജീവമായി നിലച്ച അവസ്ഥയിലാണ്. ഇതുമായി ബന്ധപ്പെട്ട യോഗം എല്ലാ വർഷവും മഴയ്ക്കു മുമ്പായി കൂടിയിരുന്നുവെങ്കിലും ഇപ്പോൾ അങ്ങനെ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഈ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് മുല്ലപ്പെരിയാർ സമരസമിതിയുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ചും ഏകദിന ഉപവാസവും ഇന്ന് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടക്കുകയാണ്. ഈ സെല്ലിന്റെ ചെയർമാനായി പ്രവർത്തിച്ചിരുന്ന ആർ.ഡി.ഒ. ഇന്ന് ആ ഭാഗത്തേയ്ക്ക് തിരിഞ്ഞുനോക്കുകയോ സെല്ലിന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുകയോ

ചെയ്യാത്ത സാഹചര്യമാണുള്ളത്. മുൻകാലങ്ങളിൽ ഫയർഫോഴ്സിന് വാഹനമിടുന്നതിനുള്ള സൗകര്യം ഇല്ലായെന്നുള്ളതായിരുന്നു പരാതിയെങ്കിൽ, ഫയർഫോഴ്സ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിനുവേണ്ടി കാക്കാൻ തുടങ്ങിയിട്ട് മാസങ്ങളായി. അതിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. അവിടെ നടന്നുകൊണ്ടിരുന്ന ദുരന്തനിവാരണ സേനയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച സാഹചര്യമുണ്ടായി. യോഗം വിളിച്ചുച്ചേർക്കുന്നതിനുള്ള നടപടിയുമുണ്ടായിട്ടില്ല. വഴി വിളക്കുകൾ അടക്കമുള്ള ക്രമീകരണങ്ങൾ നിശ്ചലമാണ്. ഈ വഷയങ്ങളിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നും മുല്ലപ്പെരിയാർ സമരസമിതിയുടെ മാർച്ചിൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, പീരുമേട് താലൂക്ക് ആസ്ഥാനമായി ദുരന്ത നിവാരണ സേനയുടെ പ്രവർത്തനങ്ങൾക്കായി ഒരു സെന്റർ 2010-ൽ ഉദ്ഘാടനം ചെയ്തിരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ആസ്ഥാനവും പരിശീലന കേന്ദ്രവുമായി ഇതിനെ വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പോലീസ് സേനാംഗങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള മുഴുവൻ സമയ സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിക്കുന്നതിനാവശ്യമുള്ള സേനാംഗങ്ങളെ വിട്ടുതരുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ആഭ്യന്തരവകുപ്പ് അറിയിച്ചതിനാൽ ഒരു ജില്ലയിൽ 20 പേരെയും കോർപ്പറേഷൻ പരിധിയിൽ 20 പേരെയും അധികമായും ഉൾപ്പെടുത്തി പോലീസ് സേനയ്ക്കകത്തുതന്നെ ഒരു ദുരന്ത പ്രതികരണ സേനയെ സൃഷ്ടിക്കുവാനാണ് തത്വത്തിൽ ഇപ്പോൾ തീരുമാനിച്ചിട്ടുള്ള

ത്. ആവശ്യമായ സമയങ്ങളിൽ പ്രകൃതി ദുരന്ത പ്രവർത്തനങ്ങൾക്ക് ഈ സേനാംഗങ്ങളെ നിയോഗിക്കാവുന്ന രീതിയിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. മുല്ലപ്പെരിയാറിൽനിന്ന് ഇടുക്കി ഡാംവരെ ദുരന്ത സാധ്യത യുള്ള പ്രദേശങ്ങൾ ആകമാനം ഉൾപ്പെടുത്തി ഒരു സ്ഥിരം മുന്നറിയിപ്പ് സംവി ധാനം സ്ഥാപിച്ചിരുന്നില്ല. ഒരു മുന്നറിയിപ്പ് സംവിധാനം പരീക്ഷിച്ചിരുന്നുവെ ങ്കിൽ ഇടുക്കിജില്ലയുടെ പ്രത്യേക ഭൗമപരിസ്ഥിതിമൂലം ഇത് പൂർണ്ണമായും വിജയത്തിലെത്തിയില്ല. ഇടുക്കി ജില്ലയുടെ പ്രത്യേക ഭൗമപരിസ്ഥിതിയുടെ അടിസ്ഥാനത്തിൽ ഒരു ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്. പ്രവർത്തനരഹിതമായ വഴിവിളക്കുകൾ പ്രകാശി പ്പിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാം മേഖലയിൽ സ്വീകരിക്കേണ്ട നടപടി കളെ സംബന്ധിച്ച് ആലോചിക്കുന്നതിനും നടപ്പിലാക്കുന്നതിനും (ഇന്ന്) 9–12–2011 ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഒരു യോഗം വിളിച്ചിരിക്കു കയാണ്. മുല്ലപ്പെരിയാർ മേഖലയിലെ ഇപ്പോഴത്തെ സ്ഥിതികൾ ചർച്ച ചെയ്യു ന്നതിനും എടുത്ത നടപടികൾ സംബന്ധിച്ച പുരോഗതി വിലയിരുത്തുന്ന തിനും 11-7-2012-ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം വിളിച്ചു ച്ചേർക്കുന്നുണ്ട്. പ്രസ്തുത യോഗത്തിൽ എല്ലാ വിഷയങ്ങളും ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ എല്ലാ വിഷയങ്ങളും വിശദമായി പരിശോധിക്കുന്ന താണ്.

**ഐ.പി.ആർ. അക്കാദമി**

ശ്രീ. വി.ഡി. സതീശൻ : സർ, 2008-ൽ കേരളത്തിന്റെ ബൗദ്ധികസ്വത്തവകാശനയം സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. അതോടൊപ്പം സംസ്ഥാനത്തിൽ ഒരു ഐ.പി.ആർ. അക്കാദമി സ്ഥാപിക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇന്ന് knowledge economy-ൽ ഗൗരവതരമയ പ്രാധാന്യം ഈ ബൗദ്ധിക സ്വത്തവകാശത്തിലുണ്ട്. നമ്മുടെ വ്യവസായ വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും ഇത് കാരണമാകുകയാണ് ബൗദ്ധിക സ്വത്തിനെക്കുറിച്ച് അപബോധം ഉണ്ടാക്കുകയും സൃഷ്ടിക്കപ്പെടുന്ന ബൗദ്ധികസ്വത്തിന് സംരക്ഷണം നൽകുകയും വേണം. പാരമ്പര്യ വിജ്ഞാനം, ജൈവീക വിഭവങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാനം എന്നിവയൊക്കെ നേരിടുന്ന തദ്ദേശീയവും വൈദേശീകവുമായ ദുരുപയോഗത്തിൽനിന്നും ഇവയെ സംരക്ഷിക്കാനുള്ള ബാധ്യത നമുക്കുണ്ട്. ഗവേഷണ പദ്ധതികളിൽനിന്നുമുണ്ടാകുന്ന ഈ ബൗദ്ധികസ്വത്തിനെ ബഹുരാഷ്ട്ര കുത്തകകളിൽനിന്നും സർക്കാർ സംരക്ഷിക്കേണ്ടതുണ്ട്. ഇതുവരെ ശാസ്ത്ര വിദ്യാർത്ഥികൾക്കിടയിൽ നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര പ്രചാരം ഈ ബൗദ്ധിക സ്വത്തിനെക്കുറിച്ചില്ല. പുതിയ റിക്രൂട്ടുമെന്റുകൾക്ക് നൽകുന്ന ഇൻഡക്ഷൻ സെക്ഷനുൾപ്പെടെയുള്ളയുള്ള പരിശീലന പരിപാടികൾ നമുക്ക് നടപ്പാക്കേണ്ടതുണ്ട്. പാരമ്പര്യ വിജ്ഞാനത്തെ സ്വകാര്യ ദുരുപയോഗത്തിൽനിന്നും രക്ഷിക്കാനുള്ള നടപടികളും നമ്മൾ സ്വീകരിക്കണം. ഗവേഷണ സ്ഥാപനങ്ങൾക്കും സർവ്വകലാശാലകൾക്കും ശാസ്ത്രജ്ഞന്മാർക്കും അവരുടെ കണ്ടുപിടിത്തങ്ങൾക്ക് പേറ്റന്റ് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ പേറ്റന്റ് ലഭിക്കാനുള്ള പ്രൊസീഡ്യുവറിനെക്കുറിച്ച് കേരളത്തിൽ

ശാസ്ത്രജ്ഞന്മാർക്കോ ഗവേഷണ സ്ഥാപനങ്ങൾക്കോ യാതൊരു പിടിയുമില്ല. ആ പ്രൊസീഡ്യുവർ വളരെ ഡീറ്റെയിൽഡായിട്ടുള്ളതാണ്. ഐ.പി.ആർ. അക്കാഡമിയുടെ നേതൃത്വത്തിൽ മാത്രമേ സംസ്ഥാനത്തുണ്ടാകുന്ന നിരവധി കണ്ടുപ്പിടിത്തങ്ങൾക്ക് പേറ്റന്റ് വാങ്ങികൊടുക്കാൻ കഴിയുകയുള്ളു. മാത്രമല്ല ഈ അക്കാഡമികൊണ്ട് ധാരാളം ഐ.പി.ആർ. പ്രൊഫഷണൽസിനെ നമുക്ക് സൃഷ്ടിക്കാൻ കഴിയും. മികച്ച പേറ്റന്റിനുവേണ്ടി വാദിക്കുന്ന അഭിഭാഷകർ, പേറ്റന്റ് ഏജൻസ്, പേറ്റന്റ് എക്സാമിനർമാർ, ഐ.പി. മാനേജുമെന്റ് എക്സ്പർട്ട്സ് തുടങ്ങിയ പ്രൊഫഷണലുകളെ സൃഷ്ടിക്കാൻകൂടി ഈ അക്കാഡമി നമുക്ക് ഉപകാരപ്രദമാകും. എഴുപതുകൾക്കുശേഷം നമ്മുടെ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾക്ക് യാതൊരു പ്രാധന്യവും കേരളത്തിൽ മാറിമാറി ഭരിച്ച സർക്കാരുകൾ നൽകിയിട്ടില്ല. ഇത് കേരളത്തിലൊരു പുതിയ വഴിത്തിരിവാകും. കേരളത്തിലെ ശാസ്ത്ര ഗവേഷണങ്ങൾക്കും അത്തരം സ്ഥാപനങ്ങൾക്കും അവിടെയുള്ള ശാസ്ത്രജ്ഞന്മാർക്കും ഇത് വലിയ ഒരു ഉത്തേജകമാകും അതുകൊണ്ട് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ 2008–ൽ പ്രഖ്യാപിച്ചിട്ടുള്ള ബൗദ്ധിക സ്വത്തവകാശ നയത്തിന്റെ ഭാഗമായ ഒരു ഐ.പി.ആർ. അക്കാഡമി സ്ഥാപിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. 2008–ൽ ഗവർണ്ണറുടെ സ്പീച്ചിൽ ഒരു ഐ.പി.ആർ. അക്കാഡമി സ്ഥാപിക്കുമെന്നുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. പക്ഷേ, സാങ്കേതികമായ കാരണങ്ങളാൽ അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ബുദ്ധികൊണ്ട് കൈവരുത്തുന്ന കണ്ടുപിടിത്തങ്ങൾ ഒരു സമ്പത്താണ്. അതാണ് ഇന്റലെക്ച്വൽ പ്രോപ്പർട്ടി റൈറ്റ്. ഇതുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് കോപ്പിറൈറ്റ് ആക്ട്, ട്രേഡ്മാർക്ക് ആക്ട്, ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ആന്റ് രജിസ്ട്രേഷൻ പ്രൊട്ടക്ഷൻ ആക്ട്, ഡിസൈൻ ആക്ട്, പ്രൊട്ടക്ഷൻ ഓഫ് പ്ലാൻ വെറൈറ്റീസ് ഓഫ് ഫാർമേഴ്സ് ആക്ട്, ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് ഇങ്ങനെയുള്ള നിരവധി നിയമങ്ങൾ ബൗദ്ധിക സ്വത്തവകാശത്തിന്റെ പേറ്റന്റിനെ സംബന്ധിച്ചിടത്തോളമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വിശാലമായ ഈ വിജ്ഞാന മേഖലയെപ്പറ്റിയുള്ള പഠനങ്ങൾ ഏറ്റവും ആവശ്യവുമാണ്. പഠനങ്ങൾ മാത്രമല്ല അതിന് സംരക്ഷണവും പരിശീലനവും ഏറ്റവും ആവശ്യവുമാണ്. അതുകൊണ്ട് ഇങ്ങനെയൊരു അക്കാഡമി നല്ലതാണ്. യാതൊരു സംശയവുമില്ല. ആ സാങ്കേതികത്വത്തിന്റെ കുരുക്കകളൊക്കെ അഴിച്ച് ഉടൻതന്നെ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ആരംഭിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുമാത്രമല്ല കേന്ദ്ര നിയമങ്ങളിൽ ഈ പറഞ്ഞതൊക്കെ യൂണിയൻ ലിസ്റ്റിൽവരുന്നതാണ്. നമുക്ക് നിയമമുണ്ടാക്കാൻ അവകാശമില്ല. കേന്ദ്ര നിയമങ്ങളിൽപ്പെടാത്ത പാരമ്പര്യ വിജ്ഞാന മേഖലകൾ സംരക്ഷിക്കുന്നതിനുകൂടി ഈ നടപടി ആവശ്യമാണ്. അതിനൊരു അതോറിറ്റി സെപ്പറേറ്റായി രൂപീകരിക്കുന്ന കാര്യവും ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതൊക്കെ നമുക്കാവശ്യമാണ്. മാറുന്ന ലോകത്തിൽ ഇതൊക്കെ ആവശ്യമാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

## റെയിൽവേസ്റ്റേഷനിലുണ്ടായ അപകടം

ശ്രീ. വർക്കല കഹാർ: സർ, റെയിൽവേസ്റ്റേഷനിൽ യാത്രക്കാരന് വെടിയേറ്റ ഗുരുതരമായ സംഭവം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ശ്രീ. മനാഫ് എന്ന ചെറുപ്പക്കാരൻ തന്റെ ഏകമകൾ അസ്നയുടെ നേത്രചികിത്സയ്ക്കായി മധുരയ്ക്ക് പോകാൻ ടിക്കറ്റ് റിസർവ്വ് ചെയ്യുന്നതിനുവേണ്ടി റെയിൽവേസ്റ്റേഷനിലെ റിസർവ്വേഷൻ കൗണ്ടറിൽ നില്ക്കുകയായിരുന്നു. പെട്ടെന്ന് ഒരു വെടിയേറ്റ് പിടഞ്ഞുവീഴുകയുണ്ടായി. ഈ സംഭവം ആർ.പി.എഫ്-ലെ ഒരു കോൺസ്റ്റബിളിനുപറ്റിയ കയ്യബദ്ധം എന്നാണ് പറയപ്പെടുന്നത്. എങ്ങനെയാണ്? തോക്കിൽ തിരയുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തിയ ശ്രമമാണ്. തിരയുണ്ടോ എന്ന് പരിശോധിക്കുന്നത് ഒന്നുകിൽ ആകാശത്തോ അല്ലെങ്കിൽ ഭൂമിയിലോ വെടിവച്ചുനോക്കിയാണ്. റിസർവ്വേഷൻ കൗണ്ടർപോലെ തിരക്കുള്ള സ്ഥലത്ത് വന്നുനില്ക്കുന്ന നിരപരാധിയായ യാത്രക്കാരന്റെ നെഞ്ചത്താണോ അത് പരിശോധിക്കുന്നത്? വെടിയേറ്റ് വേദന കൊണ്ട് പുളഞ്ഞ ശ്രീ. മനാഫിനെ 10 മിനിട്ടോളം ആർ.പി.എഫ്-കാർ തിരിഞ്ഞുനോക്കിയില്ല. രക്തം വാർന്ന് കിടക്കുകയായിരുന്നു. ഇതിനുശേഷം സ്വകാര്യ വാഹനത്തിലാണ് ഇദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചത്. ആർ.പി.എഫ്-ന് ആംബുലൻസ് ഉല്പ്പെടെയുള്ള വാഹനങ്ങൾ ഉള്ളിടത്താണ് ഒരു യാത്രക്കാരന് ഈ ദുർവ്വിധി ഉണ്ടായത്. മാനുഷിക പരിഗണനപോലും കാണിക്കാതെ ഒരു സഹജീവിയോട് ഉത്തരവാദപ്പെട്ട സേനാവിഭാഗത്തിൽ നിന്നും ഇത്ര ക്രൂരമായ സമീപനം ഒരിക്കലും ഉണ്ടാകാൻ പാടില്ലായിരുന്നു. റെയിൽവേയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗ്സ്ഥരിൽനിന്നും കേരളത്തിലെ യാത്ര

ക്കാർക്ക് ഇടയ്ക്കിടെ ഇത്തരത്തിലുള്ള ദുരനുഭവങ്ങൾ നേരിടേണ്ടി വരുന്നത് ഖേദകരമാണ്. ആർ.പി.എഫ്-ന്റെ ഭാഗത്തുനിന്നുവന്ന ഈ ഗുരുതരമായ വീഴ്ചയെ റെയിൽവേ അധികൃതർ നിസ്സാരവത്ക്കരിക്കാൻ ശ്രമിക്കുകയാണ്. അതുമാത്രമല്ല അവിടെ നിന്ന മറ്റ് യാത്രക്കാർ വഴക്കുണ്ടാക്കിയ സമയത്ത് അവരോട് തട്ടിക്കയറി, നിങ്ങളുടെ ആരെങ്കിലുമാണോ; നിങ്ങൾക്ക് എന്തു കാര്യം എന്നുചോദിച്ച് വഴക്കടിക്കുകയാണ്. പത്തുമിനിട്ടിനുശേഷം ഒരു സ്വകാര്യ വാഹനത്തിലാണ് ആശുപത്രിയിൽ കൊണ്ടുപോയത്. കേരള സർക്കാരിന് ഇതിലുള്ള പ്രതിഷേധം കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയടക്കമുള്ളവരെ അറിയിക്കാനും കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി കൈക്കൊള്ളിക്കാനും വേണ്ട നടപടികൾ സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ ചികിത്സയുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. സർജറി കഴിഞ്ഞു. കുടലിൽ മൂന്ന് സ്ഥലത്താണ് സുഷിരമുള്ളത്. അതുപോലെ ഇടുപ്പെല്ലിലും. കുടലിന്റെ ഒരു ഭാഗം സർജറി ചെയ്തുമാറ്റി. ഇനി ജീവിച്ചാൽ തന്നെയും എത്ര നരകതുല്യമായ ജീവിതമായിരിക്കും ആ ചെറുപ്പക്കാരൻ ജീവിക്കേണ്ടത് എന്ന് അനുമാനിക്കാൻപോലും കഴിയുന്നില്ല. ഇത്തരത്തിലുള്ള ഗുരുതരമായ സംഭവങ്ങൾ നമ്മുടെ നാട്ടിൽ ആവർത്തിക്കാൻ പാടില്ല. അതുകൊണ്ട് ഇക്കാര്യം റെയിൽവേ ഉദ്യോഗസ്ഥന്മാരുടേയും റെയിൽവേ മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തണം. മുഴുവൻ ചികിത്സയും സർക്കാർ വഹിക്കണം. അതുപോലെ ആ കുടുംബത്തിന് കഴിയുന്നത്ര നഷ്ടപരിഹാരവും നല്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ വർക്കല കഹാറും അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി വി. എസ് ശിവകുമാറും ഇന്നലെ ഈ വിവരം എന്നോട് പറയു

കയുണ്ടായി. അതിനു പുറമേ വിവിധ ചാനലുകളുടേയും കേരള കൗമുദി പത്രത്തിന്റെ റിപ്പോർട്ടർമാരുമെല്ലാം വിളിച്ചിരുന്നു. അപ്പോൾത്തന്നെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട്, അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി ശ്രീ. മനാഫിന്റെ ചികിത്സയുടെ മുഴുവൻ ചെലവും ഗവൺമെന്റ് വഹിക്കാനുള്ള തീരുമാനം ഇന്നലെ രാത്രി തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഇവർ രണ്ട്പേരും ജീവനക്കാരാണ്. തത്ക്കാലം ഭാര്യയ്ക്കും ജോലിക്ക് പോകാൻ നിവൃത്തിയില്ല. ഭർത്താവിനും നിവൃത്തിയില്ല. അങ്ങനെയുള്ള സാഹചര്യമാണെന്ന് ഇന്നലെയാണ് മനസ്സിലാക്കിയത്. അതുകൊണ്ട് അവർക്ക് താല്ക്കാലികമായ ചെലവുകൾക്കുവേണ്ടി 25000 രൂപ നല്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് ഇന്നുതന്നെ നല്കുകയും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ ആർ.പി.എഫ്–കാരെക്കുറിച്ച് പറഞ്ഞു. അതൊക്കെ പോലീസിന്റെ അന്വേഷണത്തിലിരിക്കുകയാണ്. പോലീസ് കേസ്സെടുത്തിട്ടുണ്ട്. ഏതായാലും വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണ് എന്ന കാര്യത്തിൽ സംശയമില്ല. ആ കുടുംബത്തെ സഹായിക്കാനുള്ള എല്ലാ നടപടിയും ഗവൺമെന്റ് കൈക്കൊള്ളും. റെയിൽവെ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യിക്കാനുള്ള ശ്രമങ്ങളും ഗവൺമെന്റ് നടത്തും.

## കൊച്ചുവേളി–ബാംഗ്ലൂർ സെക്ടറിലെ തീവണ്ടികൾ

ശ്രീ. കെ.എൻ.എ. ഖാദർ: സർ, കേരളത്തിൽനിന്ന് ധാരാളം ആളുകൾ എല്ലാ ദിവസവും പല ആവശ്യങ്ങൾക്കായി ബാംഗ്ലൂരിൽ പോയിവരുന്നുണ്ട്. ധാരാളം വിദ്യാർത്ഥികൾ, ജീവനക്കാർ, സോഫ്റ്റ്വെയർ എഞ്ചിനീയർമാർ, വ്യാപാരികൾ, വ്യവസായികൾ തുടങ്ങി ആയിരക്കണക്കായ ആളുകൾ ആശ്രയിക്കുന്ന ഒരു നഗരമാണ് ബാംഗ്ലൂർ. പക്ഷേ ബാംഗ്ലൂരിലേയ്ക്ക് വളരെ വർഷങ്ങളായി ബസ് യാത്രയാണ് ഉണ്ടായിരുന്നത്. സ്വകാര്യ ബസ്സുകൾ വലിയ ചാർജ് ഈടാക്കി ആളുകളെ കൊണ്ടുപോകുന്ന ഒരു സംവിധാനമാണ്. പക്ഷേ പിന്നീട് തീവണ്ടി സർവ്വീസ് വന്നു. കൊച്ചുവേളി–ബാംഗ്ലൂർ സെക്ടറിലും, കണ്ണൂർ–യശ്വന്ത്പൂർ സെക്ടറിലും ആണിപ്പോൾ പ്രധാനമായും ബാംഗ്ലൂരിലേയ്ക്കും തിരിച്ചും തീവണ്ടി ഓടിക്കൊണ്ടിരിക്കുന്നത്. അതിൽ കൊച്ചുവേളി–ബാംഗ്ലൂർ സെക്ടറിൽ ഓടുന്ന തീവണ്ടിയെ പ്രതിദിന തീവണ്ടിയാക്കി മാറ്റുന്നതിനുവേണ്ടി നടപടി എടുക്കുന്നതിനുപകരം സ്വകാര്യ ബസ്സുടമകളുമായി ഒത്തുകളിച്ചുകൊണ്ട് അത് മൂന്ന് ദിവസത്തെ സർവ്വീസാക്കി മാത്രം ചുരുക്കാനും രാവിലെ ബാംഗ്ലൂരിൽ എത്തുന്ന വിധത്തിലുള്ള സൗകര്യമില്ലാത്ത വിധത്തിൽ അതിന്റെ സമയം ക്രമപ്പെടുത്തുവാനും ചില പരിശ്രമങ്ങൾ നടന്നതായി പത്രധ്വാര അറിഞ്ഞിരുന്നു. ഈയൊരു സാഹചര്യം കണക്കിലെടുത്ത് കൊച്ചുവേളി–ബാംഗ്ലൂർ സെക്ടറിലും കണ്ണൂർ–ബാംഗ്ലൂർ സെക്ടറിലും, തിരിച്ചും പ്രതിദിനം രണ്ട് തീവണ്ടികൾ വീതം ഓടിക്കുവാനും പ്രസ്തുത വണ്ടികൾ അതിരാവിലെതന്നെ അതാത് ഡെസ്റ്റിനേഷനുകളിൽ എത്തത്തക്ക രീതിയിൽ സമയം ക്രമപ്പെടുത്തുവാനും കേരളം ശക്തമായി ഇടപെടണം. സ്വകാര്യ ബസ്സുടമകളുടെ താത്പര്യം സംരക്ഷിക്കുന്നതിന്, അവരുമായി ഒത്തുകളിച്ച് തീവണ്ടി സർവ്വീസുകൾ അലങ്കോല

മാക്കാൻ ശ്രമിക്കുന്നതായി ആരോപണമുണ്ട്. അതിന് തടയിടുവാനും ഈ രണ്ട് സെക്ടറുകളിലും കൃത്യമായി പ്രതിദിനം ഈരണ്ട് സർവ്വീസുകൾ വീതം ഏർപ്പെടുത്തുവാനും ഗവൺമെന്റ് ശ്രമിക്കണം എന്ന വിഷയമാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. കൊച്ചുവേളിയിൽ നിന്ന് ബാംഗ്ലൂരിലേയ്ക്ക് ഇപ്പോൾ മൂന്ന് ദിവസമാണ് തീവണ്ടി സർവ്വീസ് നടത്തുന്നത്. അത് ദിവസേനയാക്കുന്നതിനുവേണ്ടി ഇക്കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ വന്നു. ജൂലൈ മാസം ഒന്നാം തീയതി മുതൽ സർവ്വീസ് ആരംഭിക്കാം എന്നും പറഞ്ഞിരുന്നു. അതിന്റെ ടൈമിംഗ് വന്നപ്പോൾ, ഇവിടെ നിന്നും അങ്ങോട്ട് യാത്ര ചെയ്യുന്ന ആളുകൾക്കും അവിടെ നിന്ന് ഇങ്ങോട്ട് യാത്ര ചെയ്യുന്ന ആളുകൾക്കും ഒരുപോലെ വലിയ പ്രയാസം വന്നു എന്നുമാത്രമല്ല അതിനെക്കുറിച്ച് നിരവധി പരാതികളും വന്നു. ആ പരാതികളുടെ അടിസ്ഥാനത്തിൽ ജൂലൈ ഒന്നാം തീയതി തുടങ്ങാൻ സാധിക്കാതെ വന്നു. റെയിൽവേ ബോർഡ് അക്കാര്യം പരിഗണിച്ചു. ഇപ്പോൾ അത് റെയിൽവേ മന്ത്രാലയത്തിൽത്തന്നെ കിടക്കുകയാണ്. ഉടനെതന്നെ ടൈമിംഗിന്റെ കാര്യം ശരിയാക്കാനും അദ്ദേഹം പറഞ്ഞ ട്രെയിനിന്റെ കാര്യം വേഗതയിലാക്കാനുമുള്ള ബാക്കി കാര്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം ഇന്നുതന്നെ ഒന്നുകൂടി ആവശ്യപ്പെടുന്നതാണ്.

## വിദ്യാഭ്യാസ ജില്ലയ്ക്ക് പ്രത്യേക പുരസ്കാരം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്തെ എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി പരീക്ഷകളിൽ ഒന്നാം സ്ഥാനത്തെത്തുന്ന വിദ്യാഭ്യാസ ജില്ലയ്ക്ക് പ്രത്യേക പുരസ്കാരം നല്കുന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ സംസ്ഥാനത്തെ വിജയശതമാനത്തിൽ ഒന്നാംസ്ഥാനത്ത് എത്തിയത് കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയാണ്. വിദ്യാഭ്യാസപരമായി പൊതുവെ പിന്നോക്കം നില്ക്കുന്ന കാസർഗോഡ് ജില്ലയിൽപ്പെടുന്ന ഈ വിദ്യാഭ്യാസ ജിലയ്ക്ക് നേടാൻ കഴിഞ്ഞ നേട്ടത്തെ പ്രശംസിക്കേണ്ടതുണ്ട്. വിജയശതമാനം 98.62 ആയിരുന്നു. 71 ഹൈസ്കൂളുകളിൽ 44 എണ്ണം നൂറ് ശതമാനം വിജയമാണ് നേടിയത്. ഇതിൽ 28 എണ്ണം സർക്കാർ സ്കൂളുകളായിരുന്നു 9 എണ്ണം എയ്ഡഡും 7 എണ്ണം അൺ-എയ്ഡഡ് സ്കൂളുകളുമാണ്. 13 സ്കൂളുകളിൽ ഒരോ വിദ്യാർത്ഥികൾ വീതം പരാജയപ്പെട്ടതുകൊണ്ട് 100 ശതമാനം വിജയം നഷ്ടപ്പെട്ടതാണ്. സേ പരീക്ഷയിൽ ഇവരെല്ലാം വിജയിക്കുകയും ചെയ്തു. അങ്ങനെ നോക്കുമ്പോൾ ഏതാണ്ട് 57 സ്കൂളുകളും നൂറ് ശതമാനം വിജയം നേടി എന്നുവേണമെങ്കിൽ പറയാം. കലാരംഗത്തും കായിക രംഗത്തും ഇങ്ങനെ ഒന്നാം സ്ഥാനത്തെത്തുന്ന വിദ്യാഭ്യാസ ജില്ലയ്ക്കും റവന്യൂ ജില്ലയ്ക്കും ഇപ്പോൾത്തന്നെ ട്രോഫിയും മറ്റ് അംഗീകാരങ്ങളും നല്കുന്ന സംവിധാനമുണ്ട്. എന്നാൽ പഠന നിലവാരത്തിൽ ഒന്നാംസ്ഥാനത്തെത്തുന്ന വിദ്യാഭ്യാസ ജില്ലകൾക്ക് പുരസ്കാരം നല്കുന്ന സംവിധാനം നമ്മുടെ

സംസ്ഥാനത്ത് ഇതുവരെ ഇല്ല. അതുകൊണ്ട് ഇക്കഴിഞ്ഞ അദ്ധ്യയന വർഷം മുതൽ ഒന്നാം സ്ഥാനത്തെത്തിയ വിദ്യാഭ്യാസ ജില്ലയ്ക്ക് അർഹമായ പുരസ്കാരം നല്കുന്നതോടൊപ്പം തുടർന്ന് എല്ലാ വർഷവും സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിക്കേണ്ടതുണ്ട് എന്ന നിർദ്ദേശ മാണ് എനിക്ക് വയ്ക്കാനുള്ളത്. അതോടൊപ്പം ഹയർ സെക്കൻഡറി പരീക്ഷ ഫലത്തിന്റെ കാര്യത്തിലും ഇത് നല്കുന്നത് നല്ലതായിരിക്കും. പഠനത്തിന്റെ കാര്യത്തിൽ നല്ലൊരു മത്സരംതന്നെ കൊണ്ടുവരേണ്ടത് നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സഹായകരമാകുമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പി ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ച് ഇക്കഴിഞ്ഞ അദ്ധ്യയനവർഷം മുതൽതന്നെ ആ അംഗീകാരം നല്കുന്നതിനുവേണ്ടിയുള്ള സംവിധാനം കൊണ്ടുവരണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ എസ്.എസ്.എൽ.സി,. ഹയർസെക്കന്ററി പരീക്ഷകളിൽ കൂടുതൽ വിജയശതമാനം നേടുന്ന വിദ്യാഭ്യാസ ജില്ലയ്ക്ക് പുരസ്ക്കാരം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. പരീക്ഷകളുടെ വിജയശതമാനത്തെ അടിസ്ഥാനമാക്കി ജില്ലാതലത്തിൽ പുരസ്ക്കാരം ഏർപ്പെടുത്തുവാനുള്ള നിർദ്ദേശം വിശദമായ പഠനത്തിനു വിധേയമാക്കേണ്ടതായിട്ടുണ്ട്. പരീക്ഷയിൽ കൂടുതൽ മാർക്കുവാങ്ങി പ്രശസ്ത വിജയം കരസ്ഥമാക്കുന്ന തിന് സ്കൂൾക്കുട്ടികളുടെ ആരോഗ്യകരമായ മത്സരം ശ്ലാഘിക്കപ്പെടേ ണ്ടതാണ്. ജില്ലാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ, കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം സാമൂഹ്യമായും മറ്റുകാരണങ്ങളാലും വ്യത്യസ്ത മായി കാണാറുണ്ട്. കൂടാതെ അദ്ധ്യാപകരുടേയും വിദ്യാഭ്യാസ

Uncorrected / Not for Publication

ഓഫീസർമാരുടേയും കാര്യക്ഷമത, പരീക്ഷാനടത്തിപ്പിലെ കൃത്യത, അർപ്പണ ബോധം എന്നിവ ഒരു ജില്ലയിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിൽ കുട്ടികളുടെ കഴിവിനോടൊപ്പംതന്നെ ശ്രദ്ധിക്കപ്പെടേണ്ട ഘടകങ്ങളാണ്. മേൽപ്പറഞ്ഞ കാര്യങ്ങളാൽ എസ്.എസ്.എൽ.സി., ഹയർസെക്കന്ററി പരീക്ഷകളിൽ ഏറ്റവും കൂടുതൽ വിജയശതമാനം നേടുന്ന വിദ്യാഭ്യാസ ജില്ലയ്ക്ക് പുരസ്കാരം നൽകുന്ന കാര്യം എത്രമാത്രം പ്രോത്സാഹനജനകമാകുമെന്നും മറ്റു ജില്ലകളിലും മൊത്തത്തിലുള്ള വിജയശതമാനം ഉയർത്തുവാൻ കഴിമോയെന്നുമുള്ള കാര്യങ്ങൾ വിശദമായ പരിശോധനയ്ക്കും പഠനത്തിനും വിധേയമാക്കിയതിനുശേഷമേ നടപ്പിൽവരുത്താനുകുകയുള്ളൂ.

## ഇന്റർപോൾ കസ്റ്റഡിയിലെടുത്ത പ്രതി

ശ്രീ. കെ. എം. ഷാജി: സർ, അഴീക്കോട് മണ്ഡലത്തിലെ കാട്ടാമ്പള്ളി വള്ളുവംകടവ് അമ്പൻ രവീന്ദ്രന്റെ മകളായ രമ്യയെ ഭർത്താവ് ഷമ്മികുമാർ 2010 ജനുവരി 22-ന് പയ്യനൂരിലെ ഒരു ലോഡ്ജ് മുറിയിൽ വച്ച് കൊന്ന് കെട്ടിത്തൂക്കിയതിനുശേഷം വിദേശത്തേയ്ക്ക് കടന്നുകളയുകയാണുണ്ടായത്. ഇപ്പോൾ അയാളെ വിദേശത്തുവച്ച് ഇന്റർപോൾ കസ്റ്റഡിയിലെടുത്തിരിക്കുകയാണ്. ഒരു മാസമായിട്ടും നാട്ടിലെത്തിക്കാൻ സാധിച്ചിട്ടില്ല. ഇന്റർപോൾ കസ്റ്റഡിയിലെടുക്കുന്ന ഒരു പ്രതിയെ ഒരു മാസത്തോളം മാത്രമേ കസ്റ്റഡിയിൽ വയ്ക്കാൻ അനുവദിക്കുകയുള്ളൂ. പ്രതി പിടിയിലായ വിവരം ജൂൺ 21-നാണ് പത്രമാധ്യമങ്ങളിലൂടെ പുറത്തുവന്നത്. എന്നാൽ മേയ് 31-ന് പ്രതിയെ ഇന്റർപോൾ കസ്റ്റഡിയിൽലെടുത്തിട്ടുണ്ടെന്നാണ് പോലീസ് മേധാവികൾ പറയുന്നത്. കസ്റ്റഡിയിലെടുത്ത ശേഷം നാട്ടിലെത്തിക്കുന്നതിന് മൂന്നാഴ്ചയോളം വൈകുകയും നടപടികൾ ആരംഭിച്ചിട്ടില്ലെന്നുമാണ് അറിയുന്നത്. ഇപ്പോൾ പ്രതി കസ്റ്റഡിയിലായി ഒരു മാസം പൂർത്തിയായതുകൊണ്ട് 10 ദിവസം കൂടി നീട്ടിക്കിട്ടേണ്ടതുണ്ടെന്ന് റിക്വസ്റ്റ് സമർപ്പിച്ചിരിക്കുകയാണ്.. പത്തു ദിവസത്തിനുള്ളിൽത്തന്നെ പ്രതിയെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഉന്നയിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കേസ്സിന്റെ ഹിസ്റ്ററി ഞാൻ പറയുന്നില്ല. ഒന്നാം പ്രതി ഷമ്മികുമാർ കർണ്ണാടകയിൽനിന്ന് യു.എ.ഇ.-ലേയ്ക്ക് കടന്നതിനെതുടർന്നാണ്. തളിപ്പറമ്പ് ഡിവൈ.എസ്.പി. കേസ്സിൽ എക്സ്ട്രാഡിക്ഷനുള്ള നടപടികൾ സ്വീകരിക്കുകയും 08-10-2010-ന്

ഷമ്മികുമാറിന്റെ പേരിൽ ഒരു റെഡ്കോർണർ നോട്ടീസ് കൊടുക്കുകയും ചെയ്തു. കൂടാതെ അദ്ദേഹത്തിന്റെ പേരിൽ പയ്യന്നൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ എൽ.പി. 52/2011 വാറണ്ട് പുറപ്പെടുവിച്ചി ട്ടുണ്ട്. കേസ്സിൽ എക്സ്ട്രാഡിക്ഷൻ നടപടി സ്വീകരിച്ചതിനെത്തുടർന്ന് ഷമ്മി കുമാറിനെ ഇന്റർപോളിന്റെ സഹായത്തോടുകൂടി അബുദാബിയിൽ വച്ച് 31–05–2012–ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതിയെ വിട്ടുകിട്ടുന്നതിനാവശ്യമായ രേഖകൾ 30–06–2012–നകം ഹാജരാക്കണമെന്ന് കാണിച്ചുകൊണ്ട് നാഷ ണൽ സെന്റർ ബ്യൂറോ അസിസ്റ്റന്റ് ഡയറക്ടറുടെ കത്ത് ലഭിച്ചതിന്റെ അടി സ്ഥാനത്തിൽ ക്രൈംബ്രാഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ അതു സംബന്ധിച്ച് 06–06–2012–ൽ കണ്ണൂർ ജില്ലാപോലീസ് മേധാവിക്ക് ആവശ്യ മായ നിർദ്ദേശങ്ങളടങ്ങിയ കത്ത് നൽകുകയുണ്ടായി. അതിനെത്തുടർന്ന് മുമ്പ് സമർപ്പിച്ചതായ പ്രധാനപ്പെട്ട മൂന്ന് സാക്ഷികളുടെ മൊഴികൾ സർട്ടിഫൈ ചെയ്ത് ലഭിക്കുന്നതിന് പയ്യന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജി സ്ട്രേറ്റ് കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചുവെങ്കിലും പ്രസ്തുത കേസ്സ് ജില്ലാ സെഷൻസ് കോടതിയിലേയ്ക്ക് കമ്മിറ്റ് ചെയ്തതിനാൽ ബഹുമാനപ്പെട്ട തലശ്ശേരി അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിൽ നിന്നാണ് ലഭിക്കേണ്ടിവന്നത്. കൂടാതെ, മേൽപ്പറഞ്ഞ മൂന്നു സാക്ഷികളുടെ മൊഴികൾ ഇംഗ്ലീഷ്, അറബി എന്നീ ഭാഷകളിൽ പരിഭാഷപ്പെടുത്തി ലഭ്യമാക്കുന്നതിനും വിദേശകാര്യ മന്ത്രാലയത്തിൽ നിന്നുള്ള നിർദ്ദേശങ്ങളിൽ പത്താമതായി പറയുന്ന പയ്യന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നുള്ള കത്ത് ലഭിക്കുന്നതിനും പ്രതിയുടെ പേരിലുള്ള തീയതി വിതരണം വാറണ്ടിനുപകരം ഓപ്പൺ വാറണ്ട് അനുവദിക്കുന്നതിനും

നേരിയ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ 15 ദിവസത്തെ സാവകാശം ചോദിച്ചുകൊണ്ട് അസിസ്റ്റന്റ് ഡയറക്ടർ സി.ബി.ഐ. ഇന്റർനാഷണൽ പോലീസ് കോ–ഓപ്പറേറ്റീവ് സെൽ, ഇന്റർപോൾ ന്യൂഡൽഹിക്ക് ഫാക്സിൽ സന്ദേശം കൊടുത്തിട്ടുള്ളതായും ആ വിവരം മേൽപ്പറഞ്ഞ ഓഫീസിൽ നിന്നും അന്നുതന്നെ എൻ.സി.ബി. അബുദാബിയെ അറിയിച്ചിട്ടുള്ളതായും വിവരം ലഭിച്ചിട്ടുണ്ട്. പ്രതിയെ അബുദാബിയിൽ നിന്നും നാട്ടിലെത്തിക്കുന്നതിനാവശ്യമായ എക്സ്ട്രാഡിക്ഷൻ രേഖകൾ കേന്ദ്ര വിദേശ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി തയ്യാറാക്കി ആ മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്.

Uncorrected / Not for Publication

## പ്രീ മെട്രിക് സ്കോളർഷിപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 44600 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 6, 7, 8, 9 ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകിവരാറുണ്ട്. ഒരു കുട്ടിക്ക് 900 രൂപയാണ് സ്കോളർഷിപ്പ് നൽണ്ടേത്. എന്നാൽ എന്റെ നിയോജകമണ്ഡലമായ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽവരുന്ന സ്കൂളുകളിലെ കുട്ടികൾക്ക് ഇതുവരെ സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടില്ല. തൊട്ടടുത്ത കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലേയും വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലേയും മറ്റ് ബ്ലോക്ക് പഞ്ചായത്തിലേയും സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഒരു പ്രത്യേക ബ്ലോക്കിന്റെ കീഴിൽ മാത്രംവരുന്ന സ്കൂളുകൾക്ക് ഈ ഫണ്ട് വിതരണം ചെയ്യാത്തതിന്റെ കാരണമെന്താണ്; അരീക്കോട് ബ്ലോക്കിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന സ്കൂളുകളെ എന്തുകൊണ്ട് ഒഴിവാക്കിയെന്നുള്ളതുകൂടി മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഒ.ബി.സി., പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2011-12 സാമ്പത്തിക വർഷത്തിലാണ് നടപ്പാക്കിത്തുടങ്ങിയത്. 2011 നവംബർ 21-നാണ് പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിച്ചത്. വകുപ്പിന്റെ ആദ്യ പദ്ധതിയെന്ന നിലയിൽ അർഹരായ

പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്ക് 2011–12–ൽ സ്കോളർഷിപ്പ് ലഭ്യമാക്കണമെന്നുള്ള നിശ്ചയദാർഢ്യംകൊണ്ടാണ് 2012 മാർച്ച് മാസം അവസാനത്തോടെ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞത്. ഇതിലേയ്ക്കായി കേന്ദ്ര സഹായമായി ലഭിച്ചത് ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രമായിരുന്നുവെങ്കിലും സംസ്ഥാന ഗവൺമെന്റ് 50 കോടി 25 ലക്ഷം രൂപ കൂടി അനുവദിച്ചിരുന്നു. 27–03–2012–ലെ ഉത്തരവുപ്രകാരമാണ് സ്കോളർഷിപ്പ് വിതരണത്തിനാവശ്യമായ ഫണ്ട് വകുപ്പിന് ലഭ്യമായത്. അതിനുശേഷം കേവലം മൂന്നുദിവസംകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞത്. വകുപ്പിന്റെ പ്രവർത്തനം പ്രാരംഭദിശയിലായതിനാലും ജില്ലാ–താലൂക്ക് തലങ്ങളിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടില്ലാത്തതിനാലും വിദ്യാഭ്യാസ വകുപ്പിന്റേയും പട്ടികജാതി വികസന വകുപ്പിന്റേയും സഹകരണത്തോടെയാണ് സ്കോളർഷിപ്പ് വിതരണം നടത്തിയത്. പിന്നോക്കവിഭാഗം വിദ്യാർത്ഥികളുടെ പട്ടിക സ്കൂൾതലത്തിൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക വർഷത്തിലെ അവസാന ദിനങ്ങളിലാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. അരീക്കോട് ബ്ലോക്കിലെ 12 ഹൈസ്ക്കൂളുകളിലായി 59,03000 രൂപ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ചില സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പേരുകൾ വിട്ടുപോകുകയുണ്ടായിട്ടുണ്ട്. പ്രധാനമായി കാവന്നൂർ ഗവൺമെന്റ് ഹൈസ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ പേരുകളാണ് ഇത്തരത്തിൽ വിട്ടുപോയിട്ടുള്ളത്. വകുപ്പ് ആദ്യമായി നടപ്പിലാക്കിയ പദ്ധതിയായതിനാലും വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകാതിരുന്നതിനാലുമാണ് ഈ പിഴവിന് കാരണമായത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം എന്തുചെയ്യാമെന്ന

തിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും. അതോടൊപ്പം വരുംവർഷങ്ങളിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Uncorrected / Not for Publication

## ഫിഷ്‌ലാന്റിംഗ് സെന്ററുകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട മത്സ്യബന്ധന കേന്ദ്രങ്ങളാണ് ചേറ്റുവ, മുനക്കകടവ് ഹാർബറുകൾ. ദശലക്ഷ ക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ ഉൾപ്പെടെയുള്ള മത്സ്യങ്ങൾ സുലഭമായി ലഭിക്കുന്ന മത്സ്യബന്ധനകേന്ദ്രങ്ങ ളാണവ. സംസ്ഥാനത്തെ ഫിഷ് ബാങ്കായി കണക്കാക്കപ്പെടുന്ന ബ്ളാങ്ങാട് ഫിഷ് ബാങ്ക് ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ചേറ്റുവ ഫിഷിംഗ് ഹാർബർ കേന്ദ്രസഹായത്തോടെയാണ് നിർമ്മിക്കുന്നത്. 75 ശതമാനം കേന്ദ്ര വിഹി തവും 25 ശതമാനം സംസ്ഥാന വിഹിതവുമായാണ് നിർമ്മാണം നടത്തു ന്നതെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ നാളിതുവരെ കേന്ദ്ര സഹായം ലഭ്യമാ യിട്ടില്ല. ചേറ്റുവയിൽ പുലിമുട്ട് നിർമ്മാണം മാത്രമാണ് ഇപ്പോൾ നടക്കുന്നത്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. കാലതാമസമില്ലാതെ ചേറ്റുവ ഹാർബറിലെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്റർ വാർഫ് നവീക രണത്തിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ അംഗീകാരം ലഭി ച്ചിട്ടില്ല. മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്റർ നവീകരിക്കുന്നതിനുള്ള സ്ഥലം അവിടത്തെ ആളുകൾ സൗജന്യമായി വിട്ടുനൽകിയിട്ടുണ്ട്. ചേറ്റുവയുടെ കാര്യത്തിലും മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ കാര്യത്തിലും ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 75 ശതമാനം കേന്ദ്രവിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമായി 3024000 രൂപയ്ക്ക് ഭരണാനുമതി നൽകിയ ചേറ്റുവ ഹാർബർ നിർമ്മാണത്തിൽ പുലിമുട്ടുകളുടെ നിർമ്മാണം, അപ്രോച്ച് റോഡ്, വാർഫ്,

ലേലപ്പുര, പാർക്കിംഗ് ഏരിയ, നിലവിലുള്ള ലേലപ്പുരയുടെ നവീകരണം, വർക്ക് ഷോപ്പ്, റെസ്റ്റ് ഷെഡ്സ്, ടോയ്‌ലറ്റ് ബ്ലോക്ക്, ഗേറ്റ് ഹൗസ്, ചുറ്റുമതിൽ, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. വടക്കും തെക്കും രണ്ട് പുലിമുട്ടുകൾ, അപ്രോച്ച് റോഡ്, വാർഫ്, ലേലപ്പുര എന്നീ പ്രധാന പ്രവൃത്തി കൾക്ക് കരാർ ഏർപ്പാടാക്കിയിട്ടുണ്ട്. വടക്കേ പുലിമുട്ടിന് 665 മീറ്ററും 350 മീറ്ററും ലാന്റ് കണക്ഷൻ 40 മീറ്റർ ഉൾപ്പെടെയും തെക്കേ പുലിമുട്ടിൽ 394 മീറ്ററും 246 മീറ്ററും ലാന്റ് കണക്ഷൻ 80 മീറ്ററും ഉൾപ്പെടെ പണി പൂർത്തിയാ യിവരുന്നു. അതോടൊപ്പം തെക്കേ പുലിമുട്ടിലേയ്ക്കുള്ള അപ്രോച്ച് റോഡ്, വാർഫ്, പുതിയ ലേലപ്പുര എന്നിവയുടെ പണികളും ആരംഭിച്ചിട്ടുണ്ട്. ഈ ജോലിക്ക് ഇതുവരെ 800 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കുകയും 590.92 ലക്ഷം രൂപ 30-06-2012 വരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പദ്ധതിവിഹിതം ലഭിക്കാത്തതുകാരണം പറഞ്ഞ പ്രവൃത്തികളൊന്നും തടസ്സ പ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് കേന്ദ്രവിഹിതം ഇപ്പോൾ കിട്ടി യിട്ടില്ലായെന്നാണ്. കഴിഞ്ഞ ഏപ്രിൽ മാസം 23-ാം തീയതി കേന്ദ്ര മന്ത്രി ശ്രീ.ശരത് പവാറിനെ ഞാനും ശ്രീ. പി.സി. ചാക്കോയും വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കണ്ട് ചർച്ച നടത്തിയപ്പോൾ ഹാർബറിന്റെ കാര്യവും ഉൾപ്പെടുത്തിയിരുന്നു. അദ്ദേഹം ഇതിനുവേണ്ടിയുള്ള പണം അനു വദിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം 5 കോടി രൂപയുടെ കേന്ദ്ര വിഹിതം ലഭിച്ചുകഴിഞ്ഞു. സംസ്ഥാന ബഡ്ജറ്റിൽ ഈ വർഷം 640 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അനുബന്ധ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയ റിംഗ് വകുപ്പ് തയ്യാറാക്കിവരികയാണ്. അങ്ങ് ഇവിടെ

ചൂണ്ടിക്കാണിച്ചതുപോലെ വളരെ പ്രാധാന്യമുള്ള ഒരു ഫിഷിംഗ് ഹാർബറാണിത്. അടുത്ത സാമ്പത്തികവർഷം ഇതിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതുപോലെ മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്റർ ചേറ്റുവയുടെ മറുകരയിലുളളതാണ്. മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിപുലീകരണത്തിനായി പുതുക്കിയ 2010 എസ്.ഒ.ആർ. പ്രകാരം 231 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കും ഫണ്ടിനുമായി 07-04-2012-ൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്മേൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിനുള്ള സ്ഥലലഭ്യത, ബഡ്ജറ്റിലെ ഫണ്ട് ലഭ്യത, സംസ്ഥാന വിഹിതം വഹിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഉറപ്പ്, പരിസ്ഥിതി പഠനത്തിന്റെ ആവശ്യകത, അന്വേഷണ ഗവേഷണങ്ങൾ തുടങ്ങിയവ നടത്തിയതിനുശേഷമാണ് പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. തദ്ദേശമത്സ്യത്തൊഴിലാളികളുടെ ആവശ്യപ്രകാരമുള്ള സൗകര്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സമയപ്പട്ടിക, ബാർചാർട്ട് എന്നിവയെ സംബന്ധിച്ച് കേന്ദ്രസർക്കാർ വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. സംസ്ഥാന വിഹിതം വഹിക്കുമെന്നുള്ള ഉറപ്പ് സഹിതം കേന്ദ്ര സർക്കാരിലേയ്ക്ക് ഉടൻ മറുപടി സമർപ്പിക്കുന്നതാണ്.

**കാർട്ടൂൺ മ്യൂസിയം**

ശ്രീ. വി. ടി. ബൽറാം: സർ, കാർട്ടൂണുകൾക്ക് പ്രത്യേകിച്ചും രാഷ്ട്രീയ കാർട്ടൂണുകൾക്ക് ഏറെ പ്രശസ്തമാണ് കേരളം. സമകാലിക സംഭവ വികാസങ്ങൾ കൃത്യമായും കുറിക്കുകൊള്ളുന്ന വിധത്തിലും അടയാളപ്പെടുത്താൻ കഴിയുന്നത് കാർട്ടൂണുകൾക്കാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, അദ്ദേഹത്തെ ഏറ്റവും കൂടുതൽ കാർട്ടൂണുകളിലൂടെ വിമർശിച്ചിരുന്ന ശങ്കറിനോട് പറഞ്ഞ വാചകം 'Don't spare me Shankar', എന്നെ ഒഴിവാക്കരുത്, എന്നെക്കൂടി വരയ്ക്കണമെന്നാണ് ശങ്കറിനോടാവശ്യപ്പെട്ടത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഉള്ളിലെ ജനാധിപത്യവാദിയെയാണ് ഇത് പുറത്തു കൊണ്ടുവരുന്നത്. ജനാധിപത്യത്തിന് ഇത്തരത്തിലുള്ള കാർട്ടൂണുകൾ വളരെയധികം സംഭാവന ചെയ്യുന്നുണ്ട്. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ രാഷ്ട്രീയ വിയോജിപ്പിന്റെ പേരിൽ അറുംകൊലകൾവരെ നടക്കുന്ന നമ്മുടെ നാടിന് കാർട്ടൂണുകളിലൂടെ, അവയുടെ ആസ്വാദനത്തിലൂടെ ജനാധിപത്യത്തിന്റെയും സഹിഷ്ണുതയുടേയും പുതിയ പാഠങ്ങൾ പകർന്നു നൽകാൻ കഴിയും. ഇക്കഴിഞ്ഞ ദിവസം കേരള കാർട്ടൂൺ അക്കാഡമി സംഘടിപ്പിച്ച ഒരു ചടങ്ങിൽ 'രേഖാചിത്രങ്ങൾക്കും ലക്ഷ്മണ രേഖയോ' എന്ന സെമിനാറിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. കേരളത്തിന്റെ പ്രതിപക്ഷനേതാവ് ബഹുമാന്യനായ വി.എസ്. അച്ചുതാനന്ദനാണ് ആ ചടങ്ങ് ഉദ്ഘാടനം ചെയ്തത്. അദ്ദേഹത്തിന്റെ ഒരു കാർട്ടൂൺ ആ വേദിയിൽ വച്ച് വരയ്ക്കാൻ അവസരം ലഭിച്ചത് വലിയ സന്തോഷം നൽകുന്ന അനുഭവമായി ഞാനിവിടെ എടുത്തുപറയുകയാണ്. അദ്ദേഹത്തിന്റെയുള്ളിലെ ജനാധിപത്യവാദിയെ ഞാൻ ആദരപൂർവം അഭിവാദ്യം ചെയ്യുകയാണ്. ഇന്ത്യയിലെ

ഏറ്റവും പ്രഗത്ഭരായ കാർട്ടൂണിസ്റ്റുകൾക്ക് ജന്മം നൽകിയ സംസ്ഥാനമാണ് കേരളം. കാർട്ടൂണിസ്റ്റുകളായ ശങ്കർ, അബു എബ്രഹാം, ഒ.വി. വിജയൻ, കുട്ടി, അരവിന്ദൻ, ഗഫൂർ, ഉണ്ണി, കെ.എസ്. പിള്ള., ടോംസ്, യേശുദാസൻ, സുകുമാർ തുടങ്ങി ധാരാളം പ്രഗത്ഭരായ ആളുകളെ ഈ രംഗത്തേയ്ക്ക് സംഭാവന ചെയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പുതിയ തലമുറയിലും ധാരാളം പ്രതിഭകൾ വളർന്നുവരികയാണ്. ഗോപീകൃഷ്ണൻ, സുജിത്, സുധീർ, പ്രസന്നൻ ആനിക്കാട് തുടങ്ങി ധാരാളം ആളുകൾ ഈ മേഖലയിൽ കടന്നുവരികയാണ്. പക്ഷേ ഇവരുടെയൊന്നും കാർട്ടൂണുകൾ വേണ്ടവിധത്തിൽ സംരക്ഷിക്കാനും വിദ്യാർത്ഥികൾക്കും പത്രപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ഇവ കാണാനും പഠിക്കാനുമുള്ള ഒരു ക്രമീകരണവും നമ്മുടെ നാട്ടിലില്ല എന്നുള്ളത് ദൗർഭാഗ്യകരമായ അവസ്ഥയാണ്. മറ്റ് വിദേശരാജ്യങ്ങളിൽ കാർട്ടൂൺ മ്യൂസിയങ്ങൾ വളരെ പ്രശസ്തമായ രീതിയിൽ നടക്കുന്നുണ്ട്. ശങ്കറിന്റെ ഏറ്റവും പ്രധാനപ്പെട്ട കാർട്ടൂണുകളൊക്കെ അദ്ദേഹത്തിന്റെ ഒരു കുടുംബാംഗത്തിന്റെ വീട്ടിൽ അടച്ചിട്ട മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. അരവിന്ദന്റെ ഏറ്റവും പ്രശസ്തമായ 'ചെറിയ ലോകവും വലിയ മനുഷ്യരും' എന്ന പരമ്പര ലോകത്തിലെ ആദ്യത്തെ ഗ്രാഫിക് നോവലായി നമുക്ക് വിശേഷിപ്പിക്കാൻ സാധിക്കുന്നതാണ്. അമ്പതോളം വർഷങ്ങളായി ടോംസ് കാർട്ടൂൺ വരയ്ക്കുകയാണ്. അതുകൊണ്ടുതന്നെ അടിയന്തരാവസ്ഥയെക്കുറിച്ചുള്ള ചിന്ത നമ്മുടെ മനസ്സിലേയ്ക്ക് കടന്നുവരുമ്പോൾ ആദ്യം ഓർമ്മ വരുന്നത് ശ്രീ. അബു എബ്രഹാമിന്റെ പ്രശസ്തമായ കാർട്ടൂണാണ്. ആ കാർട്ടൂണിപ്പോൾ ലണ്ടനിലെ മ്യൂസിയത്തിലാണിരിക്കുന്നത്. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ആ കാർട്ടൂൺ ഇന്ത്യയിലേയ്ക്ക് കൊണ്ടുവരാനും ഉചിതമായ

രീതിയിൽ പ്രദർശിപ്പിക്കാനുമുള്ള സന്നദ്ധതയും താല്പര്യവും പ്രകടിപ്പിച്ചിട്ടുണ്ട്. കാർട്ടൂണുകളുടെ ഇന്ത്യയിലെ തലസ്ഥാനം എന്ന് അഭിമാനിക്കാൻ കഴിയുന്ന കേരളത്തിൽ കാർട്ടൂണുകൾ പ്രദർശിപ്പിക്കാനും രാജ്യത്തെതന്നെ ഏറ്റവും പ്രശസ്തമായ രീതിയിൽ വളർത്തിക്കൊണ്ടുവരാനും സാധിക്കുന്ന ഒരു നാഷണൽ കാർട്ടൂൺ മ്യൂസിയം തിരുവനന്തപുരത്തോ കൊച്ചിയിലോ മറ്റേതെങ്കിലും പ്രധാനപ്പെട്ട സ്ഥലത്തോ ആരംഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്ര സർക്കാരിന്റെ കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ സഹായംകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു നാഷണൽ കാർട്ടൂൺ മ്യൂസിയം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, വളരെ ശ്രദ്ധേയമായ കാര്യമാണ് ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ചത്. ഈ സഭയിൽത്തന്നെ മന്ത്രി ഡോ. എം. കെ. മുനീർ, ശ്രീ. വി. ടി. ബൽറാം. എം.എൽ.എ, കഴിഞ്ഞ സഭയിൽ എം.എൽ.എ. ആയിരുന്ന ശ്രീ. എം. എം. മോനായി തുടങ്ങിയവരെല്ലാം പ്രഗത്ഭരായ കാർട്ടൂണിസ്റ്റുകളാണ്. കാർട്ടൂൺ കല തീർച്ചയായും സമൂഹത്തിന്റെ കണ്ണാടിയാണ്. ശ്രീ. വി. ടി. ബൽറാം പറഞ്ഞതുപോലെ വിമർശനങ്ങളെ ഭയപ്പെടുന്ന സമൂഹമായി ഇന്ന് കേരളം മാറിക്കൊണ്ടിരിക്കുകയാണ്. വിമർശനങ്ങൾ അസഹിഷ്ണുതയാണ്. ഇഷ്ടമായ കാര്യങ്ങൾ മാത്രമേ നമുക്ക് കേൾക്കാൻ താല്പര്യമുള്ളൂ. അപ്രിയസത്യങ്ങൾ ആരും അംഗീകരിക്കുന്നില്ല. ഏതായാലും കാർട്ടൂൺ കലയിൽ കേരളത്തിൽ വളരെ പ്രശസ്തരായ നിരവധി കാർട്ടൂണിസ്റ്റുകളുണ്ട്. കാർട്ടൂണിസ്റ്റ് ശങ്കർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വലിയ വിമർശകനായിരുന്നു. ശങ്കേഴ്സ് വീക്ക്ലി

ഏറ്റവും പ്രചാരമുണ്ടായ ഒരു പ്രസിദ്ധീകരണമായിരുന്നു. ശങ്കറിന്റെ പേരിലുള്ള മ്യൂസിയം ഡൽഹിയിലുണ്ട്, പക്ഷെ കേരളത്തിലില്ല. കാർട്ടൂണിസ്റ്റ് അബു പിന്നീട് എം.പി. ആകുകയും ഇന്ത്യയിൽ മുഴുവൻ അദ്ദേഹത്തിന് പ്രശ സ്തിയുണ്ടാകുകയും ചെയ്തു. അതുപോലെ പ്രശ്സ്തനാണ് കാർട്ടൂണിസ്റ്റ് കുട്ടി. ഇവരെല്ലാം കാർട്ടൂൺ രംഗത്ത് കേരളത്തിന്റെ സജീവമായ സാന്നിദ്ധ്യ മാണ് വിളിച്ചറിയിക്കുന്നത്. ഇപ്പോൾ ലളിതകലാ അക്കാഡമി കാർട്ടൂണിനെ പ്രോത്സാഹിപ്പിക്കുകയും കാർട്ടൂൺ മത്സരം നടത്തുകയും ചെയ്യുന്നുണ്ട്. പക്ഷേ അതുമാത്രം പോരെന്ന അഭിപ്രായമാണ് ഗവമെന്റിനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അങ്ങ് കാർട്ടൂണിസ്റ്റുകളുടെ പേരുകൾ പറഞ്ഞു. ഈ സഭ യിൽ ഒരു നിമിഷ കാർട്ടൂണിസ്റ്റുണ്ടെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ; ഡോ. എം. കെ. മുനീർ സാഹിബ്. അതിന് പ്രോത്സാഹനം കൊടുക്കുന്നതിന് എന്തെങ്കിലും പരിഗണനയുണ്ടാകുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ): സർ, അദ്ദേഹം വരച്ചിട്ടുള്ളതിലധികവും ശ്രീ. കെ.എം. മാണിയുടെ പടമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാനിത് അദ്യമേ പറഞ്ഞിരുന്നു. നമ്മുടെ മന്ത്രിസഭയിലെ ഡോ. എം.കെ. മുനീറും, ശ്രീ. .വി. ടി. ബൽറാമും മികച്ച കാർട്ടൂണിസ്റ്റുകളാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: ശ്രീ. എ. പ്രദീപ്കുമാറും കാർട്ടൂണിസ്റ്റാണ്.

ശ്രീ. കെ. സി. ജോസഫ്: ശ്രീ. എ. പ്രദീപ്കുമാറിന്റെ കാർട്ടൂൺ കാണാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടില്ല.

ശ്രീ. കെ. മുരളീധരൻ: സർ,..... (മൈക്ക് ഓഫ്)

മി. സ്പീക്കർ: പ്രസക്തമായൊരു കാര്യമാണ് ശ്രീ. കെ. മുരളീധരൻ പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ്: കാർട്ടൂൺ വരയ്ക്കുന്നവരുമുണ്ട്, അതിന് വിധേയരാകുന്നവരുമുണ്ട്. ശ്രീ. എം. എം. മോനായി, അദ്ദേഹത്തിനുള്ള പരിമിതികളിലും മികച്ച കാർട്ടൂണിസ്റ്റായിരുന്നു. ശ്രീ. പി. കെ. മന്ത്രി, ശ്രീ. യേശുദാസൻ, ശ്രീ. ഗഫൂർ, അരവിന്ദൻ, ശ്രീ. രാജു നായർ തുടങ്ങി നിരവധി കാർട്ടൂണിസ്റ്റുകളുണ്ട്. എല്ലാവരുടെയും പേരെടുത്ത് പറയുന്നില്ല. ഒ. വി. വിജയൻ സ്മാരക സമിതി, ഒ. വി. വിജയന്റെ കാർട്ടൂൺ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർട്ടൂൺ മ്യൂസിയം സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ട്. അതിനുപുറമേ നിലവിലിപ്പോൾ കേരളത്തിൽ കാർട്ടൂൺ അക്കാഡമിയുമുണ്ട്. അക്കാഡമി കാർട്ടൂണിസ്റ്റുകളുടെ ഒരു സംഘടന മാത്രമാണ്. അതിനെ സ്വതന്ത്രമായോ അല്ലെങ്കിൽ ലളിതകലാ അക്കാഡമിയുടെ കീഴിലോ അക്കാഡമിയാക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും. ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ചതുപോലെ ശങ്കർ, കുട്ടി, അബു എബ്രഹാം തുടങ്ങിയ പ്രഗത്ഭരായ കാർട്ടൂണിസ്റ്റുകളുടെ കാർട്ടൂണുകൾ പ്രദർശിപ്പിക്കുന്നതിനായി ഒരു മ്യൂസിയം തീർച്ചയായും തലസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിനാവശ്യമായ സ്ഥലം ഗവൺമെന്റ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് വളരെ അനുകൂലമായ നിലപാടാണുള്ളത്. മ്യൂസിയം ആരംഭിക്കാനുള്ള നടപടി എത്രയുംവേഗം സ്വീകരിക്കുന്നതായിരിക്കും.

**ഒറ്റപ്പാലം താലൂക്ക്**

ശ്രീ. എം. ഹംസ : സർ, വള്ളുവനാട് അതോറിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനം നിയമസഭയുടെ ആദ്യത്തെ ബഡ്ജറ്റിൽ വരികയുണ്ടായി. ആ വള്ളുവനാട് അതോറിറ്റിയിൽ ഒരു നഗരസഭയും രണ്ട് പഞ്ചായത്തുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു അതോറിറ്റി രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഇത് ചരിത്രത്തിന്റെ നിഷേധമാണ്. വള്ളുവനാട് അതോറിറ്റി രൂപീകരിക്കുമ്പോൾ സ്വാഭാവികമായും ചരിത്രത്തിന്റേയും പൊളിറ്റിക്കൽ ജ്യോഗ്രഫിയുടേയും സംസ്കാരത്തിന്റെയുമെല്ലാം പിൻബലം ആവശ്യമുണ്ട്. ആ പിൻബലമൊന്നും ഇല്ലാതെയാണ് ഇപ്പോൾ വള്ളുവനാട് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. മലബാറിലെ കളക്ടറും ചരിത്രകാരനുമായിരുന്ന വില്ല്യം ലോഗൻ മലബാർ മാന്വലിൽ വള്ളുവനാടിന്റെ അതിർത്തി എന്താണെന്ന് വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ മാപ്പ് എന്റെ കയ്യിലുണ്ട്, ബഹുമാനപ്പെട്ട മന്ത്രിക്ക് അത് എത്തിച്ചുതരുന്നതാണ്. പൊന്നാനിപ്പുഴ (ഇപ്പോഴത്തെ ഭാരതപ്പുഴ) തെക്കേ അതിർത്തിയും ആനക്കരപ്പുഴ വടക്കേ അതിർത്തിയും തൂതപ്പുഴ ഇടയിലൂടെയും ഒഴുകുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. വള്ളുവനാട് കോനാതിരിയുടെ ഭരണത്തിൻകീഴിലുള്ളതും ഇടക്കാലത്ത് സാമൂതിരി പിടിച്ചടക്കിയതുമായുള്ള പ്രദേശമാണ് പഴയ വള്ളുവനാട്. അങ്ങാടിപ്പുറമാണ് അതിന്റെ സിരാകേന്ദ്രമെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാര-വ്യവസായ ഉത്സവത്തിന്റെ ഭാഗമായ മാമാങ്കത്തിന് വള്ളുവനട് ആതിഥേയത്വം വഹിച്ചതായി ചരിത്രരേഖകളിൽ കാണാൻ കഴിയും. വള്ളുവനാട് കോനാതിരിയുടെ കയ്യിൽ നിന്ന് ബ്രിട്ടീഷുകാർ ഇത് പിടിച്ചെടുത്തപ്പോൾ 32 നാടുകൾ ഉൾപ്പെടുത്തിക്കൊ

ണ്ടാണ് വള്ളുവനാട് താലൂക്ക് രൂപീകരിച്ചതെന്ന് ചരിത്രം വ്യക്തമാക്കുന്നുണ്ട്. ആ 32 നാടുകൾ മാത്രമല്ല, അതിൽ 66 അംശം രേഖപ്പെടുത്തുന്നുണ്ട്. കൊള പ്പുള്ളി, മുണ്ടമകയും (ഇന്നത്തെ ഷൊർണ്ണൂർ) മൊളഞ്ഞൂർ, പേരൂർ ഉൾപ്പെടെ 66 അംശങ്ങൾ ഈ ചരിത്രരേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശങ്ങളില്ലാത്ത വള്ളുവനാടൻ അതോറിറ്റിക്ക് ചരിത്രത്തിന്റെ പിൻബലം ഇല്ലെന്നുള്ളത് തെളിവാണ്. വള്ളുവനാടിന്റെ പ്രധാന ഉത്സവങ്ങൾ വില്ല്യം ലോഗൻ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ മണ്ണാർക്കാട് പൂരം ഉണ്ടെന്ന് പറ ഞ്ഞാൽ മണ്ണാർക്കാടും അതിൽപ്പെടും. പരിയാനംപറ്റ പൂരം എന്നുപറഞ്ഞാൽ അങ്ങേയ്ക്കറിയാം, കോതക്കുറിശ്ശിയും അനങ്ങനടിയും ഒക്കെ അടങ്ങുന്ന താണ്. കരിമ്പുഴ ഉത്സവമെന്ന് പറഞ്ഞാൽ അത് ഒറ്റപ്പാലം താലൂക്കാണ്. അതു പോലെ നാഗലശ്ശേരി ഇതിന്റെ അതിർത്തിയിൽപ്പെടുന്നു. അങ്ങനെ 19 ഉത്സവ ങ്ങൾ വില്ല്യം ലോഗൻ വള്ളുവനാടിന്റെ ഉത്സവങ്ങളായി രേഖപ്പെടുത്തി യിരിക്കുന്നു. ഇതാണ് പഴയ വള്ളുവനാട്. ആഴ്ചച്ചന്തകളുടെ പേരും ചരിത്ര രേഖയിലുണ്ട്. ആഴ്ചച്ചന്തകളിൽ പട്ടാമ്പിയും ഒറ്റപ്പാലവും വാണിയംകുളവും തിരുവേഗപ്പുറവും ചെർപ്പുളശ്ശേരിയും അടങ്ങുന്ന ആഴ്ചച്ചന്തകൾ പഴയ വള്ളുവനാടിൽ ഉണ്ടായിരുന്നതായി രേഖയിലുണ്ട്. ആ ചരിത്രരേഖയിൽ വള്ളുവനാട് താലൂക്കിലെ പോലീസ് സ്റ്റേഷനെപ്പറ്റിയും പറയുന്നുണ്ട്. ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, ശ്രീകൃഷ്ണപുരം, കൊപ്പം, പട്ടാമ്പി എന്നിവിടങ്ങ ളിൽ അന്ന് പോലീസ് സ്റ്റേഷനുകൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയി ട്ടുണ്ട്. മാത്രമല്ല, വള്ളുവനാട്ടിലെ പ്രധാനപ്പെട്ട ആരാധനാകേന്ദ്രങ്ങളും ആ ചരിത്രരേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീകൃഷ്ണപുരത്തേയും ചുന ങ്ങാട്ടേയും പൂരത്തറയിലേയും ആരാധനാ കേന്ദ്രങ്ങൾ.........

മി. സ്പീക്കർ : എല്ലാം പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. ഹംസ : അതുപോലെ വള്ളുവനാടിലെ സത്രങ്ങളെപ്പറ്റിയും ചരിത്ര രേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എം.ടി. വാസുദേവൻ നായരും ഇ.എം.എ സ്.-ഉം ഒക്കെ വള്ളുവനാടൻ സംസ്കാരത്തിൽപ്പെടുന്ന ആളുകളാണ്. ഇവ രെയെല്ലാം ഉൾക്കൊള്ളിക്കാതെയുള്ള വള്ളുവനാടൻ അതോറിറ്റി ചരിത്ര ത്തിന്റെ നിഷേധമാണ്; പൊളിറ്റിക്കൽ ജ്യോഗ്രഫിയുടെ സഹായമില്ലാ തെയുള്ള തീരുമാനമാണ്. അതുകൊണ്ട് ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകൾ ഉൾപ്പെടുത്തി വള്ളുവനാട് അതോറിറ്റി രൂപീകരിക്കാനുള്ള വിശാലമായ മനസ്സ് അങ്ങേയ്ക്ക് ഉണ്ടാകണമെന്ന് വിനയത്തോടെ അഭ്യർത്ഥി ക്കുന്നു.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകു പ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ വസിക്കുന്ന വലിയ പട്ടണങ്ങളിലൊന്നായ പെരിന്തൽമണ്ണയുടെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്താണ് പെരിന്തൽമണ്ണ ആസ്ഥാന മാക്കി വള്ളുവനാട് ഇൻഫ്രാ സ്ട്രക്ച്ചർ ഡെവലപ്മെന്റ് അതോറിറ്റി രൂപീക രിച്ചത്. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി മാതൃനഗരമായും സമീപത്തെ ഏഴ് പഞ്ചായത്തുകൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് പ്രസ്തുത അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. ഹോസ്പിറ്റൽ സിറ്റിയെന്ന് അറിയപ്പെടുന്ന പെരി ന്തൽമണ്ണയിൽ അലിഗഡ് യൂണിവേഴ്സിറ്റിയുടെ ഓഫ്ക്യാമ്പസ്, എം. ഇ. എസ്. മെഡിക്കൽ കോളേജ്, ഇ.എം.എസ്. ഹോസ്പിറ്റൽ, എം.ഇ.എ. എഞ്ചി നീയറിംഗ് കോളേജ് തുടങ്ങി ബൃഹത് സംരംഭങ്ങളുടെ വരവോടുകൂടി ഏക ദേശം 25000-ത്തിലധികംപേർ പെരിന്തൽമണ്ണയിലേയ്ക്ക് കുടി യേറിപ്പാർക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. കൂടാതെ നിരവധി ആളുകൾ

സന്ദർശകരായും എത്താൻ സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിലാണ് വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. അല്ലാതെ അത് വള്ളുവനാടിന്റെ റീ–പ്രൊഡക്ഷനല്ല. വള്ളുവനാട് വികസന അതോറിറ്റിയിൽ പെരിന്തൽമണ്ണ താലൂക്കിനുപുറമെ പഴയ വള്ളുവനാട് താലൂക്കിൽപ്പെട്ട ചില പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മെമ്പർമാരായ ശ്രീ. സി.പി. മുഹമ്മദ്, ശ്രീ. ടി.എ. അഹ്മദ് കബീർ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. വി.റ്റി. ബൽറാം എന്നിവരും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അപ്പോൾ മെമ്പർ ഉന്നയിച്ച പ്രശ്നം കൂടി പരിശോധിക്കുന്നതാണ്.

## കൊയിലാണ്ടിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

ശ്രീ. കെ. ദാസൻ : സർ, സ്വാതന്ത്ര്യത്തിനുമുമ്പ് 1931–ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ ഭാഗമായി കൊയിലാണ്ടിയിൽ നിലവിൽ വന്ന താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ദിനംപ്രതി ശരാശരി 2000 ഒ.പി. –യും 250–ലേറെ ഐ.പി.–യും ഉണ്ടാകാറുണ്ട്. ആധുനിക ചികിത്സ ഉറപ്പുവരുത്തുന്നതിനാവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവും അനുബന്ധ പരിശോധനാ ഉപകരണങ്ങളുടെ കുറവും രോഗം നേരത്തേ കണ്ടുപിടിക്കാനും ചികിത്സിക്കാനും കഴിയുന്നില്ലെന്ന പരിതാപകരമായ അവസ്ഥയാണ് നിലവിലുള്ളത്. അപകടമരണങ്ങൾ തുടർക്കഥയായിരിക്കുന്ന ഇക്കാലത്ത് ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന കൊയിലാണ്ടി താലൂക്ക് ആശുപത്രിയെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആക്കേണ്ടതുണ്ട്. അവിടെയുള്ള ജനങ്ങൾക്ക് തങ്ങളുടെ നാട്ടിൽത്തന്നെ വിദഗ്ധ ചികിത്സ ലഭിക്കാൻ, കൊയിലാണ്ടി താലൂക്ക് ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കിയാൽ കഴിയുമെന്നുപറഞ്ഞ് ഞാൻ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ സർക്കാർ അനുവദിച്ച കിടക്കകളുടെ എണ്ണം 159 ആണ്. ഭൗതിക സാഹചര്യങ്ങളുടെ അഭാവംമൂലം രോഗികൾ നിലത്ത് കിടക്കേണ്ടി വരുന്നതാണ് ഇന്ന് കാണുന്നത്. കാഷ്വാലിറ്റി, ഓപ്പറേഷൻ തിയേറ്റർ, ഐ.പി. ബ്ലോക്ക്, ലാബ് എന്നീ സൗകര്യങ്ങളോടുകൂടിയ ബഹുനിലകെട്ടിടത്തിന് 12 കോടി രൂപയുടെ ഭരണാനുമതി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ലഭിച്ചിട്ടുണ്ട്. പക്ഷേ, റേറ്റ് റിവിഷൻ കാരണം ഇതിന്റെ എസ്റ്റിമേറ്റ് വർദ്ധിക്കാൻ ഇടയായിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ സംവിധാനം വന്നപ്പോൾ സംസ്ഥാനത്തെ എല്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്

ആശുപത്രികളിലും ഡോക്ടർമാരുടെ എണ്ണം 21 ആക്കിയെങ്കിലും കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 19 ഡോക്ടർമാരാണുള്ളത്. ഓരോ വിഭാഗത്തിലും ആവശ്യമായ ഡോക്ടർമാർ ഇല്ലാത്തതിന്റെ ഭാഗമായി ബിദ്ധിമിട്ട് അനുഭവപ്പെടുകയാണ്. ഫിസിക്കൽ-മെഡിസിൻ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുകയാണ്. അപകടങ്ങളിൽപ്പെടുമ്പോൾ ചികിത്സ ലഭ്യമാക്കേണ്ടുന്ന രോഗികൾക്ക് ഒരു ട്രോമാ കെയർ യൂണിറ്റ് അനുവദിക്കുകയും അതനുസരിച്ച് സ്റ്റാഫ് പാറ്റേൺ, എക്സ്റേ, സ്കാനിംഗ് ലാബ്, ആംബുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. ആശുപത്രി മോർച്ചറിയിൽ ഫ്രീസർ സൗകര്യം ഉണ്ടെങ്കിലും അത് പ്രവർത്തിക്കാനാവശ്യമായ ത്രീ-ഫേസ് കണക്ഷനോ ജനറേറ്ററോ ഇല്ലാത്തതുകാരണം ഫ്രീസർ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ വോൾട്ടേജ് ക്ഷാമത്തിനും ഒരു പരിധിവരെ പരിഹാരമാകും. ബ്ലഡ് ബാങ്കിനായി ഒരു കെട്ടിടവും ഉപകരണങ്ങളുമുണ്ടെങ്കിലും ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ബ്ലഡ് ബാങ്ക് ടെക്നീഷ്യനെ നിയമിക്കുകയും ബന്ധപ്പെട്ട മറ്റ് ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് സൗകര്യം നൽകുകയും ചെയ്താൽ ബ്ലഡ് ബാങ്ക് സംവിധാനം ഫലപ്രദമാക്കാൻ കഴിയും. മലിനജലം ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് യാർഡ് ആശുപത്രിയിൽ സ്ഥാപിക്കണം. കൊയിലണ്ടി താലൂക്ക് ആശുപത്രിയെ ഭൗതികമായും ഭരണപരമായും സാങ്കേതികമായും ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കുകയും പ്രസ്തുത ആശുപത്രി

യുടെ സ്ഥലവും സൗകര്യവും വർദ്ധിപ്പിക്കാനാവശ്യമായ നടപടിയും സ്വീകരിക്കുകയെന്നതാണ് ഈ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സൂപ്പർ സ്പെഷ്യാലിറ്റിയിൽ കാർഡിയോളജി, ന്യൂറോളജി, കാർഡിയോതൊറാസിക് സർജറി, നെഫ്രോളജി, നിയോ-നാനറ്റോളജി, പ്ലാസ്റ്റിക് സർജറി, മെഡിസിൻ ആന്റ് സർജിക്കൽ എന്നീ വിഭാഗങ്ങളുടെ ചികിത്സയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മെഡിക്കൽ കോളേജുകളിൽ മാത്രമേ ഈ സംവിധാനങ്ങൾ നിലവിലുള്ളൂ. ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ നിലവിൽ വന്നിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതയോടുകൂടിയ ഒരു ഡോക്ടർ ആരോഗ്യ വകുപ്പിൽ സർവ്വീസിൽ പ്രവേശിച്ചാൽ ജില്ലാ ആശുപത്രികളിൽ അവർക്ക് പ്രവർത്തിക്കാനാവശ്യമായ ഭൗതിക സഹാചര്യം ഒരുക്കിക്കൊടുക്കുന്നുണ്ട്. എന്നാൽ അതൊരു അംഗീകൃത യൂണിറ്റല്ല. ആരോഗ്യ വകുപ്പിൽ സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതകളുള്ള ഡോക്ടർമാർ വളരെ കുറവാണ്. ഏകദേശം 5-ഓളം ഡോക്ടർമാരാണ് അത്തരത്തിൽ നിലവിലുള്ളത്. എന്നാൽ ജില്ലാ ആശുപത്രികളിൽ എല്ലാ മേജർ സ്പെഷ്യാലിറ്റികളുടേയും മൈനർ സ്പെഷ്യാലിറ്റികളുടേയും സേവനവും ലഭ്യമാക്കുന്നുണ്ട്. മേജർ സ്പെഷ്യാലിറ്റിയെന്ന് പറഞ്ഞാൽ മെഡിസിൻ, സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജിയുമുൾപ്പെടുന്നതും മൈനർ സ്പെഷ്യാലിറ്റി, സൈക്ക്യാട്രി, ഇ.എൻ..ടി., ഓർത്തോ, സ്കിൻ എന്നിവയുമാണ്. അതുപോലെ എല്ലാ താലൂക്ക് ആശുപത്രികളിലും മേജർ സ്പെഷ്യാലിറ്റികൾ ഉൾപ്പെടുത്തി സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്നുണ്ട്. കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾത്തന്നെ മേജർ

സ്പെഷ്യലിറ്റി സേവനമുണ്ട്. ഇവിടെ സ്പെഷ്യാലിറ്റിയിലുള്ള ഒരു സർജന്റെ ഒഴിവ് മാത്രമാണ് നികത്താനുള്ളത്. പി.എസ്.സി.-യിൽ നിന്നും ജൂനിയർ കൺസൾട്ടന്റിന്റെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചാലുടൻ നിലവിലുള്ള ഒഴിവ് നികത്തുന്നതാണ്. ഈ ആശുപത്രിയിൽ ഘട്ടംഘട്ടമായി മൈനർ സ്പെഷ്യാലിറ്റി ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. റോഡപകടങ്ങളിൽപ്പെടുന്ന നിരവധിപേർ ഈ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്ന സാഹചര്യത്തിൽ ട്രോമാ കെയർ യൂണിറ്റ് ഈ വർഷം തന്നെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വിയ്യൂർ സബ് ജയിൽ ജില്ലാ ജയിലായി ഉയർത്തൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, 1958–ലെ ആദ്യത്തെ സബ്ജയിലാണ് വിയ്യൂർ സബ്ജയിൽ. പിന്നീട് ആരംഭിച്ച കൊല്ലം, തിരുവനന്തപുരം സബ്ജയിലുകൾ 12 വർഷം മുമ്പ് ജില്ലാ ജയിലുകളായി ഉയർത്തി. വിയ്യൂർ സബ്ജയിലിനെ ജില്ലാ ജയിലായി ഉർത്താമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും തത്വത്തിൽ അംഗീകരിച്ചതാണ്. എന്നാൽ ഇന്നുവരേയും അത് യാഥാർത്ഥ്യമായിട്ടില്ല. വിയ്യൂർ സബ്ജയിലിൽ ഇപ്പോൾ 117 തടവുകാർക്ക് മാത്രം താമസിക്കാനുള്ള സൗകര്യമേയുള്ളൂ. എന്നാൽ സ്ഥലപരിമിതിമൂലം 250–ഓളം തടവുകാരെവരെ അവിടെ താമസിപ്പിക്കുന്നുണ്ട്. ഇത് പല പ്രശ്നങ്ങളുമുണ്ടാക്കുന്നു. ജില്ലാ ജയിലായി ഉർയത്തിയാൽ ഇവിടെ 320 തടവുകാരെ പാർപ്പിക്കാം. അധിക കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവിനായി 2.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റിമാൻഡഡ് പ്രിസണേഴ്സിനെയും ശിക്ഷിച്ച ആളുകളേയും ഒരുമിച്ച് പാർപ്പിക്കുന്നത് നിയവിരുദ്ധമാണ്. ഇത് വളരെ ഗൗരവതരവമായ കാര്യമാണ്. ഞാൻ മനസ്സിലാക്കിയത്, ഈ പ്രൊപ്പോസൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും പോയിട്ടുണ്ട് എന്നാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രികൂടി മനസ്സുവച്ചാൽ ഈ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ കഴിയും. അതുകൊണ്ട് വിയ്യൂർ സബ്ജയിൽ ജില്ലാ ജയിലായി പരിവർത്തനം ചെയ്യുന്ന പ്രക്രിയ ത്വരിതപ്പെടുത്തണമെന്ന് വകുപ്പുമന്ത്രിയോടും ധനകാര്യവകുപ്പുമന്ത്രിയോടും ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : മറുപടി ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞാൽ മതി. അവർ തമ്മിൽ ഡിസ്ക്കസ് ചെയ്തുതീർക്കും. (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷണൻ പറഞ്ഞിട്ടുള്ള പൊതുവായ കാര്യങ്ങളെക്കുറിച്ച് ഞാൻ യോജിക്കുകയാണ്. ജയിലിലെ വിഷമസ്ഥിതികൾ അദ്ദേഹം സൂചിപ്പിച്ചത് ശരിയാണ്. 117 ആളുകൾക്ക് കിടക്കാൻ കഴിയുന്ന ഒരു ജയിലിനകത്ത് ഇപ്പോൾ 200 –ൽപ്പരം ആളുകളെ നമുക്ക് അക്കോമഡേറ്റ് ചെയ്യേണ്ടി വരികയാണ്. അത് നിവൃത്തിയില്ലാത്ത സാഹചര്യംകൊണ്ടാണ്. അതുകൊണ്ട് തത്വത്തിൽ ഇതൊരു ജില്ലാ ജയിലാക്കി മാറ്റുകയെന്നതുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. പക്ഷെ സാമ്പത്തിക ലഭ്യത ഇതിനകത്ത് ഒരു പ്രധാനപ്പെട്ട ഘടകമാണ്. അതുകൊണ്ട് സാമ്പത്തിക ലഭ്യതയ്ക്ക് വിധേയമായി അദ്ദേഹത്തിന്റെ പ്രൊപ്പോസൽ ഗവൺമെന്റ് അംഗീകരിക്കും. ജയിലുകളിൽ ഇപ്പോഴത്തെ പൊതുവായ ചില ബുദ്ധിമുട്ടുകളുണ്ട്. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ സഗൗരവം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ വരുന്ന പ്രധാനപ്പെട്ട പ്രശ്നം, ജയിലിൽ ദീർഘകാലത്തേയ്ക്ക് ശിക്ഷിക്കപ്പെട്ട് ആളുകൾ വരുന്നുണ്ട്. അവരെ നോക്കുന്നതിനുവേണ്ടി പഴയ രീതിയിലുള്ള സ്ട്രെങ്ങ്ത് മാത്രമേ ഇപ്പോഴുമുള്ളൂ. അതുകൊണ്ട് വേണ്ടവിധത്തിൽ ഇന്റേണൽ ഡിസിപ്ലിൻ കീപ്പ് ചെയ്യാൻ കഴിയുന്നില്ല എന്നൊരു പൊതുവിമർശനം വന്നിട്ടുണ്ട്. ഗവൺമെന്റിന്റെ മുമ്പിൽ അക്കാര്യങ്ങൾ കൂടിയുണ്ട്. മാത്രവുമല്ല ജയിലൊക്കെ എപ്പോഴും വളരെ വൃത്തിയുള്ള സ്ഥലമായിരിക്കണം. ചില സ്ഥലങ്ങളിൽ സെമിത്തേരികൾപോലും പൂങ്കാവനംപോലെയാണ്. ജയിലിൽ ഒരു മാനസിക പരിവർത്തനമുണ്ടാക്കണമെങ്കിൽ അതിന്

പര്യാപ്തമായ രൂപത്തിൽ ജയിലുകളുടെ അന്തരീക്ഷം നമുക്ക് നന്നാക്കാൻ കഴിയണം.

മി. സ്പീക്കർ :അവരെ വീണ്ടും തിരിച്ചുവരാനുള്ള പ്രേരണ ഉണ്ടാക്കുന്ന തരത്തിലുള്ള സൗകര്യങ്ങളൊന്നും വേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെയുള്ള ഒരു മാനസികാവസ്ഥയുള്ള ആൾക്കാരുണ്ടെങ്കിൽ അവരെ പാർപ്പിക്കാൻ ഏതെങ്കിലുമൊരു സ്ഥലം വേണ്ടേ. അതുകൊണ്ട് അതിനു പറ്റിയ രീതിയിലുള്ള ചില കാര്യങ്ങൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ജയിൽ പരിഷ്കരണം ഗവൺമെന്റിന്റെ ടോപ്പ് പ്രൈയോറിറ്റിയിൽപ്പെട്ട ഒരു കാര്യമാണ്. ഇതുകൂടി ഗവൺമെന്റ് പരിഗണിക്കും.

(മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ)

* * * * * * * * * * * * * * * *